LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാർ മുഖേന വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമിക്കാൻ നടപടി

28 [3542] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടർമാർ മുഖേന വികലാംഗരെ സർക്കാർ സർവ്വീസിൽ നിയമനം നടത്തുന്നതു സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1998-നുശേഷം ഇപ്രകാരം നടന്ന നിയമനങ്ങൾ സംബന്ധിച്ച് സർക്കാർ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നടക്കുന്ന നിയമനങ്ങളിൽ വികലാംഗർക്ക് നീക്കിവച്ച മുഴുവൻ തസ്തികകളും ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാലയളവിൽ വികലാംഗർക്ക് നീക്കിവച്ച തസ്തികകളും നിയമനം സംബന്ധിച്ച് വകുപ്പുതിരിച്ച് വിശദാംശവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 14-7-1998-ലെ ജി.ഒ.(പി) 20/98/പി.ആന്റ് എ.ആർ.ഡി. ഉത്തരവുപ്രകാരം ജില്ലാ കളക്ടർ ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും പ്രധാനപ്പെട്ട വകുപ്പുകളുടെ ജില്ലാ മേധാവികളും മെമ്പർമാരായുള്ള ഒരു കമ്മിറ്റിയാണ് നിയമനങ്ങൾ നടത്തുന്നത്. എംപ്ലോയ്മെന്റ് ഡയറക്ടർ മുൻഗണനാക്രമത്തിൽ നൽകുന്ന ലിസ്റ്റിൽനിന്നും എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് പ്രസ്തുത കമ്മിറ്റി വികലാംഗരെ നിയമിക്കുന്നത്.

(ബി) വികലാംഗർക്കുള്ള കമ്മീഷണറേറ്റ് തലത്തിൽ വികലാംഗരുടെ നിയമനം സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ അവലോകനയോഗം നടത്തിവരുന്നുണ്ട്.

(സി) ബാക്ക്ലോഗ് ഒഴിവുകൾ മുഴുവൻ നികത്തുന്നതിനുള്ള കർശന നിർദ്ദേശം വികലാംഗ കമ്മീഷണറേറ്റിൽനിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) 1998 മുതലുള്ള നിയമനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

ചെറുകിട വ്യവസായയൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങൾ

29 [3543] *ശ്രീ. കളത്തിൽ അബ്ദുള്ള:*
" *സി. ടി. അഹമ്മദ് അലി:*
" *കെ. എൻ. എ. ഖാദർ:*
" *ചെർക്കളം അബ്ദുള്ള:*
" *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം V.

(എ) വനിതാ വ്യവസായസംരംഭകർക്ക് ക്ലിപ്പ് പദ്ധതിയിൽ എന്തെങ്കിലും മുൻഗണന ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഇളവുകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനിതാ വ്യവസായസംരംഭകർക്ക് നിലവിലുള്ള വ്യവസായ പദ്ധതികളിൽ ലഭിക്കുന്ന മുൻഗണനകൾ കേരള ലോക്കൽ ഇൻഡസ്ട്രി പ്രൊമോഷൻ പ്രോഗ്രാം (ക്ലിപ്പ്) പദ്ധതിയിലും ലഭ്യമാണ്. ക്ലിപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത വയബിളായ എല്ലാ പദ്ധതികളും വനിതാ സംരംഭകരുടേതുൾപ്പെടെ തുടങ്ങാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

(ബി) ക്ലിപ്പ് പദ്ധതിയിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കോ വനിതകൾക്കോ മാത്രമായി പ്രത്യേക പാക്കേജൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത വയബിളായ എല്ലാ പദ്ധതികൾക്കും പ്രത്യേകം പരിഗണന നൽകി യൂണിറ്റ് തുടങ്ങാനുള്ള സംവിധാനം ഒരുക്കുകയാണ് ലക്ഷ്യം.

സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ മന്ദബുദ്ധി വികസന കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

30 [3544] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാങ്ങപ്പാറയിൽ പ്രവർത്തിച്ചുവരുന്ന സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ മന്ദബുദ്ധി വികസനകേന്ദ്രം സ്വയംഭരണ സ്ഥാപനമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിലെ സ്റ്റാഫ് പാറ്റേണിന് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഇപ്പോൾ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 23-11-1995-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 45/95/സാക്ഷേവ. അനുബന്ധം I ആയി ചേർക്കുന്നു.†

(ബി) ഇല്ല. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധം II ആയി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly